SEP 2018
SS-24/6/18

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ്- കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് - തൊഴിലാളികൾക്ക് നൽകിവരുന്ന ചികിത്സാ ധനസഹായ പദ്ധതി - പക്ഷാഘാതം, വൃക്ക സംബന്ധമായ രോഗങ്ങൾ എന്നിവയെ ഗുരുതര രോഗങ്ങളുടെ ചികിത്സാ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ബോർഡിന്റെ ശിപാർശ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1100/2018/തൊഴിൽ തീയതി,തിരുവനന്തപുരം,14.09.2018**

പരാമർശം:- (1) 02.07.2018-ൽ ചേർന്ന കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് യോഗത്തിന്റെ 307 (8) നമ്പർ തീരുമാനം.

(2) കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് വെൽഫെയർ ഫണ്ട് കമ്മീഷണറുടെ 20.07.2018 – ലെ എസ്8/11042/11-12 നമ്പർ കത്ത്.

**ഉത്തരവ്**

കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ക്യാൻസർ, ഹൃദയവാൽവ് ശസ്ത്രക്രിയ, ക്ഷയം, മാനസിക രോഗം, കുഷ്ഠം, വാതം, ഗർഭാശയ രോഗം തുടങ്ങിയ മാരക രോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്. ചികിത്സാ ധനസഹായപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള രോഗങ്ങളോടൊപ്പം പക്ഷാഘാതം, വൃക്ക സംബന്ധമായ രോഗങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിന് സർക്കാരിന്റെ അനുമതി തേടാൻ കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു. ടി തീരുമാനപ്രകാരം കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നൽകി വരുന്ന ചികിത്സാ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള രോഗങ്ങളോടൊപ്പം പക്ഷാഘാതം, വൃക്ക സംബന്ധമായ രോഗങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിന് അനുമതി നൽകണമെന്ന് ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പക്ഷാഘാതം, വൃക്ക സംബന്ധമായ രോഗങ്ങൾ എന്നിവയെ ഗുരുതര രോഗങ്ങളുടെ ചികിത്സാ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ശിപാർശ, സർക്കാർ ആയതു സംബന്ധിച്ച യാതൊരു ബാദ്ധ്യതയും വഹിക്കുന്നതല്ലെന്ന നിബന്ധനയോടെ, അംഗീകരിച്ച് ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**ഡി.ലാൽ**

**അഡീഷണൽ സെക്രട്ടറി**

ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർ, ലേബർ വെൽഫെയർ ഫണ്ട് ബോർഡ്, വഞ്ചിയൂർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

ലേബർ കമ്മീഷണർ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂസ് മീഡിയ) വകുപ്പ്

കരുതൽ ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ